**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1038** **09-10-2024 - ൽ മറുപടിയ്ക്ക്**

**പൈപ്പുകൾ സ്ഥാപിച്ച റോഡുകളുടെ നവീകരണം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ജലജീവൻ മിഷൻ പദ്ധതിയ്ക്കായി പൈപ്പുകൾ സ്ഥാപിക്കുന്നതിന് പ്രാദേശിക റോഡുകളുൾപ്പെടെയുള്ള എല്ലാ റോഡുകളും കുഴിച്ചതിന്റെ ഭാഗമായി പ്രസ്തുത റോഡുകളെല്ലാം സഞ്ചാരയോഗ്യമല്ലാതായി തീർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ജല ജീവൻ മിഷൻ പദ്ധതിക്കായി പൈപ്പുകൾ സ്ഥാപിച്ചതിനാൽ റോഡുകൾ ഭാഗികമായി ഗതാഗത യോഗ്യമല്ലാതായത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. പ്രസ്തുത റോഡുകൾ താൽക്കാലികമായി പുനരുദ്ധാരണം നടത്തി സഞ്ചാരയോഗ്യമാക്കി വരുന്നു. |
| (ബി) | പ്രസ്തുത റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഭരണാനുമതി ലഭിച്ച റോഡ് റെസ്റ്റോറേഷന് ഫണ്ടിന്റെ അപര്യാപ്തത നിലവിലുണ്ട്. ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഫണ്ടിന്റെ ലഭ്യതയ്ക്ക അനുസരിച്ച് ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തികൾ നടത്തി വരുന്നു. |
| (സി) | ഈ റോഡുകളുടെ നവീകരണം എപ്പോൾ പൂർത്തികരിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് റോഡ് പുരുദ്ധാരണ പ്രവൃത്തികളും പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ